ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## പ്രാദേശിക വാർത്തകൾ

**DATE: 05.09.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ഈ വർഷത്തെ അധ്യാപക പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമു ന്യൂഡൽഹിയിൽ സമ്മാനിച്ചു. കേരളത്തിൽ നിന്ന് രണ്ട് അധ്യാപകർ പുരസ്കാരങ്ങൾ ഏറ്റുവാങ്ങി.

2. സപ്ലൈകോ ഓണം ഫെയറുകളുടെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിച്ചു.

3. വിവിധ സംസ്ഥാനങ്ങളിലെ ധനമന്ത്രിമാരുടെ കോൺക്ലേവ് സംഘടിപ്പിക്കുമെന്ന് മന്ത്രി കെ.എൻ. ബാലഗോപാൽ. വികസന-ധനകാര്യ പ്രശ്നങ്ങൾ സംബന്ധിച്ച ആശയരൂപീകരണം പ്രധാന ലക്ഷ്യമെന്ന് മന്ത്രി

4. പിന്നാക്കവിഭാഗങ്ങളിൽ ഉൾപ്പെട്ടവരുടെ ക്ഷേമത്തിനും അടിസ്ഥാനസൗകര്യവികസനത്തിനും കർമപദ്ധതികൾ നടപ്പാക്കുമെന്ന് മന്ത്രി ഒ.ആർ. കേളു.

5. കോഴിക്കോട് 28 പേർക്ക് മഞ്ഞപ്പിത്തരോഗം റിപ്പോർട്ട് ചെയ്തു. ജാഗ്രത കർശനമാക്കി ആരോഗ്യ വിഭാഗം.

6. **പാരാലിമ്പിക്സിൽ മെഡൽ കുതിപ്പ് തുടർന്ന് ഇന്ത്യ. വനിതകളുടെ 100 മീറ്റർ സ്പ്രിൻറ് ടി 12 ൽ സിമ്രാൻ ഫൈനലിൽ.**

**&&&&&&&&&&&&&&&&&&**

## അധ്യാപക പുരസ്കാരം

ഈ വർഷത്തെ അധ്യാപക പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമു ന്യൂഡൽഹിയിൽ സമ്മാനിച്ചു . രാജ്യത്തെ വിദ്യാഭ്യാസ മേഖലയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിൽ മികച്ച സേവനം കാഴ്ചവെച്ച അധ്യാപകരെയാണ് ആദരിക്കുന്നത്. കേരളത്തിൽ നിന്ന് രണ്ട് അധ്യാപർ ഉൾപ്പെടെ 82 അധ്യാപകർ പുരസ്ക്കാരങ്ങൾ ഏറ്റുവാങ്ങി . ആലപ്പുഴ S.D.B.V.H.S സ്കൂളിലെ ജിനു ജോർജ്ജ്, പാലക്കാട് കുണ്ടൂർക്കുന്ന് V.P.A.U.P.S- ലെ കെ ശിവപ്രസാദ് എന്നീ അദ്ധ്യാപകരാണ് പുരസ്കാരത്തിന് അർഹരായ മലയാളികൾ. അധ്യാപക ദിനാചരണത്തിൻറെ സംസ്ഥാനതല ഉദ്ഘാടനവും സംസ്ഥാന റ്റിറ്റിഐ, പിപിറ്റിറ്റിഐ കലോത്സവത്തിലെ ജേതാക്കളായവർക്കുള്ള അവാർഡ് വിതരണവും മന്ത്രി വി ശിവൻകുട്ടി പത്തനംതിട്ടയിൽ നിർവഹിച്ചു.

**&&&&&&&&&&&&&&&&&&**

## ജിനു - ഇൻട്രോ

അധ്യാപക-വിദ്യാർത്ഥി ബന്ധം സുതാര്യമാകണമെന്നും തന് കഠിനാധ്വാനത്തിനു ലഭിച്ച അംഗീകാരമാണിതെന്നും മികച്ച സേവനം കാഴ്ചവെച്ച അധ്യാപകനുള്ള അവാർഡ്

ലഭിച്ച ആലപ്പുഴ S.D.B.V.H.S സ്കൂളിലെ അധ്യാപകൻ ശ്രീ ജിനു ജോർജ്ജ് ആകാശവാണി വാർത്തകളോടു പറഞ്ഞു...

(ഹോൾഡ് - വോയ്സ്)

&&&&&&&&&&&&&&&&&&

**പ്രധാനമന്ത്രി -സിംഗപ്പൂർ**

സിംഗപ്പൂർ ഇന്ത്യയുടെ പങ്കാളിത്ത രാജ്യം മാത്രമല്ല, എല്ലാ വികസ്വര രാജ്യങ്ങൾക്കും പ്രചോദനമാണെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി. ആരോഗ്യം, മരുന്ന് നിർമ്മാണം, നൈപുണ്യവികസനം എന്നീ മേഖലകളിൽ ഇന്ത്യയും സിംഗപ്പൂരും ധാരണാപത്രം കൈമാറി. ഇന്ത്യയുടെ ആദ്യത്തെ തിരുവള്ളുവർ കൾച്ചറൽ സെൻ്റർ സിംഗപ്പൂരിൽ തുറക്കുമെന്നും അദ്ദേഹം അറിയിച്ചു.

ഇന്ത്യയുടെ ആക്ട് ഈസ്റ്റ് നയത്തിന് ഊർജ്ജം നൽകുന്ന സമഗ്ര നയതന്ത്ര പങ്കാളിത്തത്തിലേക്ക് ബന്ധം വർധിപ്പിക്കാനും ഇരു രാജ്യങ്ങളും ധാരണയായി . പ്രധാനമന്ത്രി നരേന്ദ്ര മോദിയും സിംഗപ്പൂർ പ്രധാനമന്ത്രി ലോറൻസ് വോങ്ങും തമ്മിൽ ഇന്ന് നടന്ന പ്രതിനിധി തല ചർച്ചകൾക്ക് ശേഷമാണ് തീരുമാനം .

&&&&&&&&&&&&&&&&&&

**ഓണം ഫെയർ**

നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കാൻ സംസ്ഥാന സർക്കാരിന് സാധിച്ചതായി മുഖ്യമന്ത്രി പിണറായി വിജയൻ. ഓണത്തിനോടനുബന്ധിച്ച് സപ്ലൈകോ സംഘടിപ്പിക്കുന്ന ഓണം ഫെയറുകളുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് നിർവഹിക്കുകയായിരുന്നു അദ്ദേഹം. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വിലക്കയറ്റം കുറവുള്ള സംസ്ഥാനമാണ് കേരളം. മലയാളിയുടെ നിത്യജീവിതത്തിൻറെ ഭാഗമായി സപ്ലൈക്കോയും അനുബന്ധ സ്ഥാപനങ്ങളും മാറിയതായും മുഖ്യമന്ത്രി പറഞ്ഞു. മന്ത്രി ജി.ആർ അനിലിൻറെ അധ്യക്ഷതയിൽ നടന്ന ചടങ്ങിൽ മന്ത്രി വി. ശിവൻകുട്ടി ആദ്യവിൽപ്പന നടത്തി. ഇന്ന് മുതൽ 14-ാാം തീയതി വരെയാണ് ഓണം ഫെയർ. ജില്ലാതല ഫെയറുകൾ നാളെ മുതൽ 14 വരെ ജില്ലാ ആസ്ഥാനങ്ങളിൽ നടക്കും.

&&&&&&&&&&&&&&&&&&

**ഓണം-വിപണി കൺസ്യൂമർഫെഡ്**

സംസ്ഥാനത്ത് കൺസ്യൂമർ ഫെഡ് ഓണം വിപണി മുഖ്യമന്ത്രി നാളെ ഉദ്ഘാടനം ചെയ്യും. മഞ്ഞ കാർഡ് ഉടമകൾക്കുള്ള ഓണക്കിറ്റ് തിങ്കളാഴ്ച മുതൽ വിതരണം ചെയ്യും. കുടുംബശ്രീ ഓണച്ചന്തകളുടെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി

എം.ബി രാജേഷ്
ചൊവ്വാഴ്ച പത്തനംതിട്ടയിൽ നിർവഹിക്കും.

&&&&&&&&&&&&&&&&&&

**ഓണം ഫെയർ (ഇൻട്രോ)**

സപ്ലൈകോയുടെ ഓണം ഫെയറിന് കണ്ണൂരിൽ നാളെ തുടക്കമാകും. കണ്ണൂർ താലൂക്ക് കോൺഫറൻസ് ഹാളിലാണ് ഫെയർ.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ. ശശിധരൻ........

(വോയിസ്)

&&&&&&&&&&&&&&&&&&

**ധനമന്ത്രിമാരുടെ കോൺക്ലേവ്**

വിവിധ സംസ്ഥാനങ്ങളിലെ ധനമന്ത്രിമാരുടെ കോൺക്ലേവ് തിരുവനന്തപുരത്ത് സംഘടിപ്പിക്കുമെന്ന്

മന്ത്രി കെ.എൻ. ബാലഗോപാൽ. സംസ്ഥാനങ്ങൾ നേരിടുന്ന വികസന-ധനകാര്യ പ്രശ്നങ്ങൾ സംബന്ധിച്ച ആശയരൂപീകരണമാണ് സമ്മേളനത്തിൻറെ പ്രധാന ലക്ഷ്യമെന്നും മന്ത്രി വ്യക്തമാക്കി .

ഈ മാസം 12ന് മുഖ്യമന്ത്രി പിണറായി വിജയൻ സംഗമം ഉദ്ഘാടനം ചെയ്യും.പ്രതിപക്ഷ നേതാവ് വി ഡി

സതീശൻ , തെലങ്കാന ,കർണാടക , പഞ്ചാബ് , തമിഴ്നാട് സംസ്ഥാനങ്ങളിലെ ധനമന്ത്രിർ, ഉദ്യോഗസ്ഥർ ,ധനകാര്യ വിദഗ്ധർ തുടങ്ങിയവർ പങ്കെടുക്കും.

&&&&&&&&&&&&&&&&&&

**ഒ.ആർ. കേളു.**

പട്ടികജാതി പട്ടിക വർഗ പിന്നാക്കവിഭാഗങ്ങളിൽ ഉൾപ്പെട്ടവരുടെ ക്ഷേമവും അടിസ്ഥാന സൗകര്യവികസനവും ഉറപ്പാക്കാനുള്ള പദ്ധതിപ്രവർത്തനങ്ങൾ ഊർജിതമാക്കുമെന്നും പുതിയ കർമപദ്ധതികൾ നടപ്പാക്കുമെന്നും മന്ത്രി ഒ.ആർ. കേളു. ഇതുമായി ബന്ധപ്പെട്ടു നടന്ന അവലോകനയോഗം പത്തനംതിട്ട ജില്ലാ ആസൂത്രണസമിതി സെക്രട്ടേറിയറ്റ് കോൺഫ്രൻസ് ഹാളിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

&&&&&&&&&&&&&&&&&&

**മഞ്ഞപ്പിത്തരോഗം -കോഴിക്കോട്**

കോഴിക്കോട് കൊമ്മേരിയിൽ 28 പേർക്ക് മഞ്ഞപ്പിത്തരോഗം റിപ്പോർട്ട് ചെയ്തു .പൊതു കുടിവെള്ള പദ്ധതിയിൽ നിന്നും വെള്ളം ഉപയോഗിക്കുന്നവർക്കാണ് രോഗം സ്ഥിരീകരിച്ചത്.കോഴിക്കോട് കോർപ്പറേഷൻ ആരോഗ്യ വിഭാഗത്തിൻ്റെ നേതൃത്യത്തിൽ ക്ലോറിനേഷനും ബോധവത്കരണ പ്രവർത്തനങ്ങളും ആരംഭിച്ചു.

&&&&&&&&&&&&&&&&&&

## ടിബി- മുഖ്യമന്ത്രി

കേരളത്തെ ആധുനിക ഹെൽത്ത് കെയർ ഹബ്ബാക്കി മാറ്റുകയാണ് സർക്കാർ ലക്ഷ്യമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.ക്ഷയരോഗത്തിനെതിരായ കേരളത്തിൻറെ പ്രവർ ത്തങ്ങളും മുന്നേറ്റങ്ങളും ഉൾപ്പെടുത്തിയ രേഖ മുഖ്യമന്ത്രി പ്രകാശനം ചെയ്തു. ക്ഷയരോഗ നിവാരണ നയരേഖ പുറത്തിറക്കുന്നതിന് മുന്നോടിയായുള്ള ലഘുലേഖയും മുഖ്യമന്ത്രി പ്രകാശനം ചെയ്തു.

&&&&&&&&&&&&&&&&&&

## മന്ത്രി എം.ബി രാജേഷ്.

ദേശീയപാതാ സർവീസ് റോഡുകൾക്ക് സമീപമുള്ള വീടു നിർമ്മാണത്തിന് ആക്സസ് പെർമിഷൻ ഇല്ലാതെ തന്നെ ബിൽഡിങ് പെർമിറ്റും നമ്പറും ലഭ്യമാക്കുമെന്ന് മന്ത്രി എം.ബി രാജേഷ്. വിവിധ ജില്ലാ അദാലത്തുകളിൽ വന്ന പരാതികൾ പരിഗണിച്ചാണ് തീരുമാനം.വിമാനത്താവളം, റെയിൽവെ, പ്രതിരോധ സ്ഥാപനങ്ങൾ എന്നിവയുടെ എൻ ഒ സിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാർതലത്തിൽ പ്രത്യേക സംവിധാനം ഒരുക്കുമെന്നും മന്ത്രി അറിയിച്ചു.തദ്ദേശ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട 106 ചട്ടങ്ങളിൽ 351 ഭേദഗതികൾ കൊണ്ട് വരുമെന്നും മന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## പാരാലിമ്പിക്സ്

പാരിസ് പാരാലിമ്പിക്സിൽ എട്ടാം ദിനമായ ഇന്ന് ഷൂട്ടിങ്, ജൂഡോ, അമ്പെയ്ത്ത്, അത്ലറ്റിക്സ്, പവർലിഫ്റ്റിങ് എന്നീ ഇനങ്ങളിൽ മത്സരങ്ങൾ പുരോഗമിക്കുന്നു. വനിതകളുടെ 100 മീറ്റർ സ്പ്രിൻറ് ടി 12 ഇനത്തിൽ സിമ്രാൻ ഫൈനലിലെത്തി. അമ്പെയ്ത്ത് മിക്സഡ് ടീം റീകർവ് ഇനത്തിൽ ഹർവീന്ദർ സിങ്ങും പൂജയും ക്വാർട്ടർ ഫൈനലിലേക്ക് കടന്നു. കാഴ്ചപരിമിതർക്കുള്ള ജൂഡോയിൽ പുരുഷന്മാരുടെ 60 കിലോഗ്രാം സെമിഫൈനൽ വിഭാഗത്തിൽ കപിൽ പർമാർ ഇറാൻ താരത്തോട് പരാജയപ്പെട്ടു. വെങ്കല മെഡൽ നേട്ടത്തിനായി കപിൽ ഇനി ബ്രസീലിൻ്റെ എലിയൽട്ടൺ ഡി ഒലിവേയിരയെ നേരിടും. വനിതകളുടെ 48 കിലോഗ്രാം ജെ 2 ക്വാർട്ടർ ഫൈനലിൽ കോകില പരാജയപ്പെട്ടു. മൂന്ന് യെല്ലോ കാർഡുകൾ നേടി നേരിട്ട് അയോഗ്യയാക്കപ്പെട്ടതിനാൽ കോകിലയ്ക്ക് വെങ്കല മെഡൽ മത്സരത്തിൽ മത്സരിക്കാനാകില്ല.

&&&&&&&&&&&&&&&&&&

## ബോണക്കാട് -നവീകരണം

തിരുവനന്തപുരം ബോണക്കാട് എസ്റ്റേറ്റിലെ വാസയോഗ്യമല്ലാത്ത ലയങ്ങളുടെ പുനരുദ്ധാരണത്തിന് നാലു കോടി രൂപ അനുവദിച്ചതായി ധന മന്ത്രി കെ എൻ ബാലഗോപാൽ. സംസ്ഥാനത്തെ ലയങ്ങളിലെ വികസന

പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ ബജറ്റിൽ 10 കോടി രൂപ നീക്കിവെച്ചിരുന്നതായും മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

## യൂത്ത് കോൺഗ്രസ് - പ്രതിഷേധ മാർച്ച്

മുഖ്യമന്ത്രിയുടെ രാജി ആവശ്യപ്പെട്ട് യൂത്ത് കോൺഗ്രസ് പ്രവർത്തകർ സെക്രട്ടേറിയറ്റിലേക്ക് നടത്തിയ പ്രതിഷേധ മാർച്ചിൽ സംഘർഷം. പോലീസ് ലാത്തി ചാർജിൽ സംസ്ഥാന വൈസ് പ്രസിഡൻറ് അബിൻ വർക്കി ഉൾപ്പെടെയുള്ള പ്രവർത്തകർക്ക് പരിക്കേറ്റു . നാലു പോലീസുകാർക്കും പരിക്കുണ്ട്. ഏഴുതവണ ജലപീരങ്കി പ്രയോഗിച്ചെങ്കിലും പ്രവർത്തകർ പിരിഞ്ഞു പോയില്ല. യൂത്ത് കോൺഗ്രസ് സംസ്ഥാന പ്രസിഡന്റ് രാഹുൽ മാങ്കൂട്ടം ഉൾപ്പെടെയുള്ളവരെ പോലീസ് അറസ്റ്റ് ചെയ്ത് നീക്കി. ഒന്നരമണിക്കൂറോളം നീണ്ട സംഘർഷ അവസ്ഥയെതുടർന്ന് മേഖലയിലെ ഗതാഗതം തടസ്സപ്പെട്ടു. അതേസമം ഒരു ഭരണകക്ഷി എം.എൽ.എ ഉയർത്തിയവിവാദങ്ങളുടെ പശ്ചാത്തലത്തിൽ ധാർമികതയുണ്ടെങ്കിൽ മുഖ്യമന്ത്രി രാജിവെക്കണെമെന്ന് ബിജെപി സംസ്ഥാന ജനറൽ സെക്രട്ടറി എം ടി. രമേശ് കോഴിക്കോട് മാധ്യമങ്ങളോട് പറഞ്ഞു. ഇപ്പോൾ നടക്കുന്ന അന്വേഷണം പ്രഹസനമാണെന്നും അദ്ദേഹം ആരോപിച്ചു.

&&&&&&&&&&&&&&&&&&

## പ്രേംകുമാർ- ചലച്ചിത്ര അക്കാദമി

സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ തത്കാലിക ചെയർമാനായി നടൻ പ്രേംകുമാർ ചുമതലയേറ്റു. തിരുവനന്തപുരത്ത് ചലച്ചിത്ര അക്കാദമിയുടെ ഓഫീസിലെത്തിയാണ് അദ്ദേഹം ചുമതലയേറ്റത്. സർക്കാർ ഏൽപ്പിച്ച ചുമതല ആത്മാർത്ഥമായി നിറവേറ്റുമെന്ന് പ്രേംകുമാർ മാധ്യമ പ്രവർത്തകരോട് പറഞ്ഞു. ചലച്ചിത്ര അക്കാദമിയുടെ ജനാധിപത്യ സ്വഭാവം സംരക്ഷിക്കും. സിനിമയെ സ്നേഹിക്കുന്നവർ കോൺക്ലേവിനൊപ്പം നിൽക്കണമെന്നും, സിനിമാ കോൺക്ലേവിൽ നിന്ന് മാറ്റി നിർത്തേണ്ടവരെ മാറ്റി നിർത്തുമെന്നും അദ്ദേഹം വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

**ഹേമ കമ്മിറ്റി - ഹൈക്കോടതി**

ഹേമ കമ്മിറ്റി റിപ്പോർട്ടുമായി ബന്ധപ്പെട്ട കേസുകൾ പരിഗണിക്കുന്നതിന് പ്രത്യേക ബെഞ്ച് രൂപീകരിക്കാൻ ഹൈക്കോടതി തീരുമാനിച്ചു. വനിതാ ജഡ്ജിമാർ അടങ്ങുന്ന ബെഞ്ചാണ് രൂപീകരിക്കുക. ഹേമ കമ്മിറ്റി റിപ്പോർട്ട് പുറത്ത് വിടുന്നതിന് എതിരെ സമർപ്പിച്ച ഹർജി നേരത്തെ സിംഗിൾ ബെഞ്ച് തള്ളിയിരുന്നു. ഇത് ചോദ്യം ചെയ്ത് നിർമ്മാതാവ് സജി പാറയിൽ സമർപ്പിച്ച അപ്പീൽ പരിഗണിക്കവേയാണ് ഡിവിഷൻ ബെഞ്ച് ഇക്കാര്യം അറിയിച്ചത്.

&&&&&&&&&&&&&&&